Government of Kerala
1982

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVII] Trivandrum, Friday, 13th August 1982 / 22nd Sravana 1904 [No. 570

കേരള സർക്കാർ

ധനകാര്യ (എസ്റ്റാബ്ളിഷ്മെൻറ്–സി) വകുപ്പ്

<u>വിജ്ഞാപനം</u>

നമ്പർ. 2469/എസ്റ്റാ.സി5/82/ധന: തിരുവനന്തപുരം; 1982 ആഗസ്റ്റ് 9.

(1) ആലപ്പുഴ ജില്ലയിൽ കുട്ടനാടു താലൂക്കിൽ എടത്വ ആസ്ഥാനമാക്കി ഈ വിജ്ഞാപനം ഗവൺമെൻറ് ഗസററിൽ പ്രസിദ്ധപ്പെടുത്തി പതിനഞ്ച് ദിവസത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന തീയതിമുതൽ പുതിയ ഒരു സബ് ട്രഷറി പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

(2) താഴെ പറയുന്ന പ്രഞ്ചായത്തുകൾ ഈ ട്രഷറിയുടെ അധികാര പരിധിയിൽ വരുന്നതാണ്.

എടത്വ
തലവടി
മുട്ടാർ

പെൻഷൻ, സേവിംഗ്സ് ബാങ്ക് മുതലായ എല്ലാവിധ പണമിടപാടുകളും ഈ ട്രഷറി കൗണ്ടർ മുഖേന നടത്തുന്നതാണ്.

(3) എടത്വ സബ് ട്രഷറി തുറന്നു പ്രവർത്തിക്കുന്ന തീയതി മുതൽ രണ്ടാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന പഞ്ചായത്ത് അതിർത്തികൾക്കുള്ളിലുള്ള പണമിടപാടുകൾ പ്രസ്തുത ട്രഷറി മുഖേന നടത്തുന്നതാണ്. മുദ്രപ്പത്രങ്ങൾ, സ്റ്റാമ്പുകൾ, കറുപ്പ്, ഗഞ്ചാവ് മുതലായവയും വിൽപ്പനയ്ക്കുള്ള ഫാറങ്ങളും ഈ ട്രഷറിയിൽനിന്നും വിതരണം ചെയ്യുന്നതാണ്. കൂടാതെ കേരളാ ട്രഷറി കോഡ് ഒന്നാം വാല്യം 157-ം, 158-ം ചട്ടങ്ങൾ അനുസരിച്ച് ഡിപ്പാർട്ടുമെന്റ് ക്യാഷ്ചെസ്റ്റും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും പുതിയ സബ് ട്രഷറിയിൽ സൂക്ഷിക്കുവാൻ സ്വീകരിക്കുന്നതാണ്. മേൽ വിവരിച്ച പ്രദേശാതിർത്തിക്കുള്ളിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള പണം ബന്ധപ്പെട്ട മേലധികാരികളുടെ പ്രത്യേകാനുമതികൂടാതെ എടത്വ സബ് ട്രഷറിയിൽ നിന്നല്ലാതെ മറ്റൊരു ട്രഷറിയിൽ നിന്നും നൽകുന്നതല്ല.

(4) ഈ മേഖലയിലെ പേഴ്സണൽ ഡിപ്പോസിറ്റ്, ലോക്കൽ ഫണ്ട് ഡിപ്പോസിറ്റ്, ജുഡിഷ്യൽ ഡിപ്പോസിറ്റ്, മുതലായ അക്കൗണ്ടുകൾ അതാതു അഡ്മിനിസ്ട്രേറ്റർമാർക്ക് ഇപ്പോൾ ഇടപാടുകൾ നടത്തിവരുന്ന ട്രഷറികളുമായി തുടർന്നു നടത്താവുന്നതും അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് എടത്വ ട്രഷറിയിലേക്ക് മാറ്റാവുന്നതുമാണ്. അതുപോലെ തന്നെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും മറ്റും പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ അവരവരുടെ താൽപ്പര്യാനുസരണം എടത്വ സബ് ട്രഷറിയിലേക്ക് നിയമാനുസൃതം മാറ്റുന്നതുവരെ ഇപ്പോൾ ഇടപാടുകൾ നടത്തുന്ന ട്രഷറികൾ മുഖേനതന്നെ തുടർന്നു നടത്താവുന്നതാണ്, ഈ പ്രദേശങ്ങളിലെ മണിയോർഡർ ഒഴിച്ചുള്ള പെൻഷൻ വിതരണവും എടത്വ സബ് ട്രഷറിയിലേക്ക് നിയമാനുസൃതം മാറ്റുന്നതുവരെ പഴയതുപോലെ തുടരുന്നതാണ്. എന്നാൽ മണിയോർഡർ പെൻഷൻ എടത്വ സബ് ട്രഷറി തുറന്നു പ്രവർത്തിക്കുന്ന തീയതിമുതൽതന്നെ അവിടേക്ക് മാറ്റപ്പെടുന്നതാണ്.

(5) എടത്വ സബ് ട്രഷറിയുടെ അധികാര പരിധിയിൽപ്പെടാത്ത സ്ഥാപനങ്ങൾക്ക് ഈ ട്രഷറിയുമായി ഇടപാടു നടത്തണമെന്നുണ്ടെങ്കിൽ അതിന് സർക്കാരിൽനിന്നോ, സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽനിന്നോ പ്രത്യേകാനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ആജ്ഞാനുസരണം,

ഡി. ബാബു പോൾ,
ധനകാര്യവകുപ്പു സെക്രട്ടറി.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1982.